**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3265** **13-07-2022 - ൽ മറുപടിയ്ക്ക്**

**ആലുവ താലൂക്കിലെ പട്ടയ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ആലുവ താലൂക്കിലെ സി2 -644/2022 നമ്പർ ഫയൽ പ്രകാരവും, ഈ താലൂക്കിലെ കിഴക്കുംഭാഗം വില്ലേജ് ഓഫീസിലെ 62/2022 ,തിയതി 19/02/2022 നമ്പർ ഫയൽ പ്രകാരവും പട്ടയം ലഭിക്കുന്നതിനായി ആരുടെയെല്ലാം അപേക്ഷകളാണ് പരിഗണിക്കപ്പെടുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) | ആലുവ താലൂക്കിലെ സി 2 - 644/2022 നമ്പർ ഫയൽ പ്രകാരവും, കിഴക്കുംഭാഗം വില്ലേജ് ഓഫീസിലെ 62/2022, തീയതി 19/02/2022 -ാം നമ്പർ റിപ്പോർട്ട് പ്രകാരവും പട്ടയം ലഭിക്കുന്നതിന് ചുവടെ ചേർത്തിരിക്കുന്ന വ്യക്തികളുടെ അപേക്ഷകളാണ് പരിഗണിച്ചു വരുന്നത്.<br><br>1) ബേബി. 65/11, ഐ.ആർ, പാറപ്പുറം.പി.ഒ<br><br>2) ശശി.കെ.കെ, 65/11കാഞ്ഞൂർ പറമ്പിൽ ഹൗസ്, പാറപ്പുറം.പി.ഒ<br><br>3) സുകുമാരൻ, 63/11, ഏത്താപ്പിള്ളി ഹൗസ്, ടി.എൻ.പുരം, പാറപ്പുറം.പി.ഒ<br><br>4) ഷൺമുഖൻ.സി.വി, 62/11, ചേലാട്ട് വീട്, ടി.എൻ പുരം, പാറപ്പുറം.പി.ഒ<br><br>5) സുബ്രൻ.ഇ.എ 67/11, ഇടമറ്റം വീട്, ടി.എൻ പുരം, പാറപ്പുറം.പി.ഒ<br><br>6) സാബു.പി.എ, 66/11, പരിയരത്ത് വീട്, ടി.എൻ.പുരം, പാറപ്പുറം.പി.ഒ<br><br>7) ചാത്തൻ, 92/11, പെരുംബോണത്തറ വീട്, ടി.എൻ.പുരം, പാറപ്പുറം.പി.ഒ<br><br>8) സരോജിനി അയ്യപ്പൻകുട്ടി, 112/11, കുഴിപ്പറമ്പിൽ വീട്, ടി.എൻ പുരം, പാറപ്പുറം.പി.ഒ<br><br>9) കുട്ടി കാവലൻ, 459/11, പെരുംബോണത്തറ വീട്, ടി.എൻ പുരം, തിരുനാരായണപുരം |
| (ബി) | പട്ടയത്തിനായുള്ള പ്രസ്തുത അപേക്ഷകളുടെ തുടർനടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (ബി) | കാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ കോളനിയിൽ മേൽ അപേക്ഷകരുടെ കുടുംബങ്ങൾ വർഷങ്ങളായി താമസിച്ചു വരുന്നതും റീസർവ്വെ പ്രകാരം ടി ഭൂമി ബ്ലോക്ക് 29 സർവ്വെ 10/14ൽ ഉൾപ്പെട്ടു വരുന്നതും |

| | | | |
|---|---|---|---|
| | | | TP.1658 പ്രകാരം പാലാട്ടിൽ മാത്തു മക്കൾ കുഞ്ഞേലിക്കുട്ടി, മറിയംകുട്ടി എന്നിവർ പേരിലുമാണ്. ടി ഭൂമി വർഷങ്ങൾക്ക് മുൻപ് ഭൂരഹിതർക്ക് അനുവദിക്കുന്നതിന് ടി കക്ഷികളിൽ നിന്നും പഞ്ചായത്ത് വാങ്ങിയിരുന്നുവെങ്കിലും റീസർവ്വെയിൽ പുറമ്പോക്കായി രേഖപ്പെടുത്താതെ തെറ്റായി ടി കക്ഷികളുടെ പേരിൽ വന്നിട്ടുള്ളതാണ്. ആയതിനാൽ റീസർവ്വെ അപാകത പരിഹരിച്ച് ഭൂമി പഞ്ചായത്തിന്റെ പേരിൽ പോക്കുവരവ് ചെയ്തശേഷം പഞ്ചായത്തിന്റെ അനുമതിയോടെ ഭൂമി സർക്കാർ പുറമ്പോക്കായി മാറ്റിക്കൊണ്ട് എത്രയും വേഗത്തിൽ അപേക്ഷാകക്ഷികൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത അപേക്ഷകർക്ക് പട്ടയം ലഭിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അത് എന്താണെന്ന് വ്യക്തമാക്കാമോ? | (സി) | കാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ കോളനിയിൽ മേൽ അപേക്ഷകരുടെ കുടുംബങ്ങൾ വർഷങ്ങളായി താമസിച്ചു വരുന്നതും റീസർവ്വെ പ്രകാരം ടി ഭൂമി ബ്ലോക്ക് 29 സർവ്വെ 10/14ൽ ഉൾപ്പെട്ടു വരുന്നതും TP.1658 പ്രകാരം പാലാട്ടിൽ മാത്തു മക്കൾ കുഞ്ഞേലിക്കുട്ടി, മറിയംകുട്ടി എന്നിവർ പേരിലുമാണ്. ടി ഭൂമി വർഷങ്ങൾക്ക് മുൻപ് ഭൂരഹിതർക്ക് അനുവദിക്കുന്നതിന് ടി കക്ഷികളിൽ നിന്നും പഞ്ചായത്ത് വാങ്ങിയിരുന്നുവെങ്കിലും റീസർവ്വെയിൽ പുറമ്പോക്കായി രേഖപ്പെടുത്താതെ തെറ്റായി ടി കക്ഷികളുടെ പേരിൽ വന്നിട്ടുള്ളതാണ്. ആയതിനാൽ റീസർവ്വെ അപാകത പരിഹരിച്ച് ഭൂമി പഞ്ചായത്തിന്റെ പേരിൽ പോക്കുവരവ് ചെയ്തശേഷം പഞ്ചായത്തിന്റെ അനുമതിയോടെ ഭൂമി സർക്കാർ പുറമ്പോക്കായി മാറ്റിക്കൊണ്ട് എത്രയും വേഗത്തിൽ അപേക്ഷാകക്ഷികൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ